**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **31-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടോ; എങ്കിൽ കുടിശ്ശികയായി നൽകാനുള്ള തുക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക തുക എപ്പോൾ നൽകാനാവുമെന്നും അറിയിക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്യുന്നതിനായി 1,88,27,000/- രൂപ കുടിശ്ശികയുണ്ട്, കുടിശ്ശിക താമസംവിനാ വിതരണം ചെയ്യുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ക്ഷേമിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | പരിശോധിച്ച് വരുന്നു. |
| (സി) | ക്ഷേമനിധി ബോർഡ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ക്ഷേമനിധി ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ (കംപ്യൂട്ടർ, പ്രിൻറർ, ഫർണിച്ചർ, തുടങ്ങിയവ) വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | മത്സ്യബന്ധന സമയത്ത് അപകടം മൂലമല്ലാത്ത മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ നൽകുമെന്ന ഫിഷറീസ് വകുപ്പ മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ലംപ്സം ഗ്രാന്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കുടിശ്ശിക തുക എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കുമോ; | (ഇ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ലംപ്സം ഗ്രാന്റ് ഇനത്തിൽ 5391 ലക്ഷം രൂപ കുടിശ്ശികയായി നൽകാനുണ്ട്. പ്രസ്തുത തുക അധിക ധനാനുമതിയായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതാണ്. |
| (എഫ്) | വിദ്യാഭ്യാസ ലാപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മൂന്ന് വർഷം കൂടുമ്പോഴാണ് ലംപ്സം ഗ്രാന്റ് തുക വർധിപ്പിക്കുന്നത്. ഫിഷറീസ് വകുപ്പും അതെ |

| | | | |
|---|---|---|---|
| | | | നിരക്കിൽ ആണ് ലംപ്സം ഗ്രാന്റ് നൽകിവരുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലംപ്സം ഗ്രാന്റ് തുക വർധിപ്പിക്കുന്ന മുറയ്ക്ക് ഫിഷറീസ് വകുപ്പും വർധിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ